3638
22/2/16

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ -സർവ്വെയും ഭൂരേഖയും വകുപ്പ് - ഇന്റഗ്രേറ്റഡ് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഓൺലൈൻ ടാക്സ് പേയ്മെന്റ് വഴി കരം സ്വീകരിക്കുവാൻ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ. (എം.എസ്സ്) നം. 117/2016/റവന്യൂ. തീയതി,തിരുവനന്തപുരം, 16/02/2016.

================================================================

പരാമർശം :- 1) 27/09/2014 ലെ 45610/ഇ3/2014/റവന്യൂ നമ്പർ സർക്കാർ കത്ത്.
2) സ.ഉ. (കൈ) നമ്പർ 575/2015/റവന്യൂ തീയതി 17/10/2015
3) 11/02/2016 ലെ 73905/ഇ3/2015/റവന്യൂ നമ്പർ സർക്കാർ കത്ത്

**ഉത്തരവ്**

ഭൂനികുതിയും മറ്റു ടാക്സും ഫീസും ഓൺലൈനായി സ്വീകരിക്കാൻ വേണ്ട സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് പാലക്കാട് എൻ.ഐ.സി. യ്ക്ക് പരാമർശം ഒന്ന് പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ടാക്സ് പേയ്മെന്റ് സിസ്റ്റം എന്ന പേരിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം ഇന്റഗ്രേറ്റഡ് ഓൺലൈൻ പോക്കുവരവ് സംവിധാനം സംസ്ഥാനം ഒട്ടാകെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേയ്മെന്റ് സിസ്റ്റത്തിലൂടെ കരം സ്വീകരിക്കണം എന്നു സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേയ്മെന്റ് സിസ്റ്റം മുഖേന കരം സ്വീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ.വിശ്വാസ് മേത്ത**
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ ( എ & ഇ), കേരളം, തിരുവനന്തപുരം.
റവന്യൂ (ജി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ